(ബി) ദേശീയ ചേരി വികസന പദ്ധതിപ്രകാരം നഗര ചേരികളിലോ ദരിദ്രർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലോ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പുതിയ വീടുകളുടെ നിർമ്മാണം, ഭവന പുനഃരുദ്ധാരണം, ഭവന വൈദ്യുതീകരണം, കുടിവെള്ളം, കക്കൂസ്, ഓടകൾ, ചെറിയ പാലങ്ങൾ, നടപ്പാതകൾ, കലുങ്കുകൾ, പൊതുകെട്ടിടങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ, അംഗൻവാടി കെട്ടിടങ്ങൾ, ലൈബ്രറി, വഴിവിളക്കുകൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കാവുന്നതാണ്. നഗരസഭകളിലെ പാവപ്പെട്ടവരുടെ സാമൂഹ്യാധിഷ്ടിത സംഘടനാ സംവിധാനത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഓരോ നഗരസഭയിലും അതാത് വർഷം നടപ്പാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച തുക അനുവദിച്ചു നൽകിയ നഗര സഭകളുടെ പേരും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കേന്ദ്രത്തിൽനിന്നും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി 100 ശതമാനം കേന്ദ്രസർക്കാരിൽനിന്നുള്ള പ്രത്യേക ധനസഹായമായിട്ടാണ് ലഭിക്കുന്നത്. ആയതിനാൽ ഈപദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ തുകയൊന്നും നീക്കിവയ്ക്കേണ്ടതില്ല.

അമ്യൂസ്മെന്റ് പാർക്ക്

111 [2603] ശ്രീ. ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മുട്ടത്തറ വില്ലേജിലെ നഗരസഭ വികസന അതോറിറ്റി മരവിപ്പിച്ചിരിക്കുന്ന 25 ഏക്കറും അതിനോടു ചേർന്ന 40 ഏക്കറും ഉൾപ്പെടെ 65 ഏക്കർ സ്ഥലം അക്വയർ ചെയ്ത് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കുന്നതിന് നഗരസഭയുടെ പ്രമേയം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പ്രോജക്ട് നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി നൽകേണ്ടതില്ലെന്ന തീരുമാനം നഗരസഭ എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

(സി) അമ്യൂസ്മെന്റ് പാർക്കിന് അക്വിസിഷൻ നടത്താൻ നിയമസഭ തീരുമാനമെടുത്തിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നില്ല.

(ഡി) ബാധകമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly